മിസ്റ്റർ കെ. കുഞ്ഞിരാമൻ മേനോൻ: ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ വേണ്ട ശ്രദ്ധചെലുത്തുന്നുണ്ടെന്നു മനസ്സിലായതുകൊണ്ടു് സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Demand put and Carried.

(vi) 2. Fisheries

* മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: I beg to move for a grant of Rs. 82,699 under 2, Fisheries.

സർ, ഈ വിഷയത്തെസംബന്ധിച്ചു ഇതിനുമുമ്പുതന്നെ ഇവിടെ വാദപ്രതിവാദമുണ്ടാകുകയും, പല നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട മെമ്പർമാർ തരുകയും ചെയ്തിട്ടുണ്ടു്. എങ്കിലും ഇതിനെസംബന്ധിച്ചു രണ്ടുവാക്കു് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതു് ഒരു പ്രധാനകാര്യമായി ഗവണ്മെണ്ടു് എടുത്തിട്ടുണ്ടു്. ഇതു ഭക്ഷണക്ഷാമത്തിനു ഒരു വലിയ പരിഹാരമാണു് എന്നതിനുപുറമെ ഏറ്റവും പോഷകാംശമുള്ള ഒരു സാധനവുമാണു് മത്സ്യം എന്നാണു് ഗവണ്മേണ്ടു് കരുതീട്ടുള്ളതു്. രണ്ടുമൂന്നുതരത്തിലാണു് ഫിഷിങ്ങ്നടക്കുന്നതു്. ഡീപ്സീ ഫിഷിങ്ങു്, ഫോൺ ഫിഷിങ്ങു് ഇവരണ്ടുമാണു് പ്രധാനമായി നടക്കുന്നതു്. ഇതിനെ സംബന്ധിച്ചു ശരിയായ അന്വേഷണംനടത്തി വേണ്ട നിർദ്ദേശങ്ങൾതരാൻ ഇന്നിവിടെ ആക്കും കഴിവില്ല. മത്സ്യങ്ങളുടെ ശരിയായ വാസം എവിടെയാണെന്നു ഇതേവരെ ആക്കും കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. മത്സ്യം പിടിക്കാൻ ചെന്നാൽ ചിലപ്പോൾ കിട്ടിയെന്നുവരും, ചിലപ്പോൾ കിട്ടിയില്ലായെന്നും വരും. അടുത്തകാലത്തു ഇതിന്റെ ആവശ്യത്തിനുവേണ്ടി ഇവിടെ ഒരു മോട്ടർവാഹനം വാങ്ങിച്ചു. ഞാൻ ഇവിടെവന്നു ചാർജ്ജെടുത്ത ഉടനെ കേട്ടതു് അതുവില്ക്കാൻ ടെൻഡർവിളിച്ചു, പക്ഷെ ആരും വരാതിരുന്നതുകൊണ്ടു് വില്ക്കേണ്ടകാര്യം വേണ്ട എന്നുവച്ചു എന്നാണു്. ഇതിനെപ്പറ്റി എന്താണു് ചെയ്യേണ്ടതെന്നു് ആക്കും ശരിയായ വിവരമില്ല. ഒരാൾക്കുതോന്നി ഇതിന്നായി ഒരു മോട്ടോർ വാഹനം മേടിച്ചാൽ തരക്കേടില്ലായെന്നു്. ഉടനെ അതു വാങ്ങി. അതു വക്കുചെയ്യുന്നതിനെ വളരെദിവസം വേണ്ടിവന്നു എന്നാണറിയുന്നതു്. കുറച്ചുദിവസം വക്കുചെയ്തു പിന്നെ അതു കയറ്റി ഇട്ടുകയുംചെയ്തു. ഇതുസംബന്ധിച്ചു ആരെങ്കിലും ശരിയായ നിർദ്ദേശം തരുകയാണെങ്കിൽ അതനുസരിച്ചു പ്രവർത്തിക്കാൻ ഗവർമ്മെണ്ടു് തയ്യാറാണു്. കടലിൽ ഒരു പത്തുപതിനഞ്ചുനാഴിക അകലെപ്പോയി ഒരു പ്രത്യേകതരം ഹുക്കു് ഉപയോഗിച്ചു മത്സ്യം പിടിയ്ക്കാനുള്ള ഏർപ്പാടു് ഈ ഡിപ്പാർട്ടുമെണ്ടിൽനിന്നു ആലോചിച്ചുവരുന്നുണ്ടു്. അതിനുമുമ്പു ചെയ്തിരുന്നതുപോലെ ശമ്പളംകൊടുത്തു ആളുകളെ നിയ്ക്കുന്നതുകൊണ്ടു് വളരെ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. ശമ്പളംകൊടുത്തു നിയ്ക്കുന്ന ആളുകളും ഇതിൽ വേണ്ട ശ്രദ്ധ പതിപ്പിക്കുകയില്ല. എന്നാൽ ഇതിനു മിടുക്കന്മാരായ ആളുകളുണ്ടു്. അവക്കു് ഇതിനുവേണ്ട സൌകര്യങ്ങളും ചെയ്തുകൊടുക്കാൻ ഗവർമ്മെണ്ടു് തയ്യാറാണു്. ഇതിന്നാവശ്യമായ Net വലിയ വിലപിടിച്ചു സാധനമായതുകൊണ്ടു് അതു അവക്കു് വാങ്ങാൻ സാദ്ധ്യമല്ല. അതുകൊണ്ടു് അതു സർക്കാരിൽനിന്നു വാങ്ങിക്കൊടുക്കുക. അവക്കുകിട്ടുന്ന അനുഭവത്തിൽനിന്നു ൬ 0 per cent അവരെടുക്കുക. ൨ 0 per cent സർക്കാരിലേയ്ക്കു കൊടുക്കുക. ഇങ്ങിനെ ഒരു സമ്പ്രദായമുണ്ടാക്കിയാൽ അവക്കു പ്രോത്സാഹനമുണ്ടാകുമെന്നാണു് ഗവണ്മെണ്ടു് വിചാരിക്കുന്നതു്. ഇത്തരത്തിൽ ഒരു പുതിയ സമ്പ്രദായമനുസരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ അതു വിജയകരമായിത്തീരും എന്നാശിക്കുന്നു. ഇതിലേക്കു പതിനായിരം രൂപാ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടു്. അതു ചിലവാക്കാനുള്ള പ്രോഗ്രാം ഇട്ടിട്ടുണ്ടു്. പിന്നെ ഞാറക്കൽ ഒരു ഫിഷ് പോണ്ടു് ഉണ്ടു്. അതു നല്ലസ്ഥിതിയിൽ നടന്നുവരുന്നുണ്ടു്. അവിടെ ധാരാളം മത്സ്യങ്ങൾ ലഭിക്കുന്നുണ്ടു്. ആദായകരമായനിലയിൽ നടന്നുവരുന്നുണ്ടു്. ഇതു എറണാകുളം ടൌണിന്റെ അടുത്തായതുകൊണ്ടു് അവിടെനിന്നും പിടിക്കുന്ന മത്സ്യങ്ങൾക്കു നല്ല വിലയും കിട്ടുന്നുണ്ടു്. തീരപ്രദേശങ്ങളിലുള്ള ഫോൺ ഫിഷിങ്ങിനുവേണ്ടി ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ടു്. പൊയ്യ എന്ന സ്ഥലത്തു ഫിഷ് പോണ്ടു് ഉണ്ടാക്കാൻ സൌകര്യമുണ്ടു്. അതിനെപ്പറ്റി അന്വേഷണംനടത്തി റിപ്പോർട്ടു് സമർപ്പിയ്ക്കാനുള്ള ഏർപ്പാടുചെയ്തിട്ടുണ്ടു്. ഇക്കൊല്ലംതന്നെ അവിടെ അതു തുടങ്ങാൻ സാധിക്കുമെന്നാണു് വിചാരിക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. Ikkanda Warriar.]

പിന്നെ ചെമ്മീൻപരിപ്പു വ്യവസായത്തിന്റെ കാര്യത്തിൽ എന്താണ് വേണ്ടതു് എന്നുള്ളതിനെസംബന്ധിച്ചു ഗവണ്മെണ്ടു ഒരു തീരുമാനമെടുത്തിട്ടില്ല. ബമ്മയിലാണ് ഇതിന്നു കായ്മായ ചിലവുണ്ടായിരുന്നതു്. എന്നാൽ ഇപ്പോൾ അവിടെ അതിന്നു ചിലവു കുറവാണ്. അങ്ങോട്ടു കൊണ്ടുപോകുന്നതിനുള്ള കപ്പൽസൌകര്യവും കുറഞ്ഞിരിക്കുന്നു. യുദ്ധത്തിനു മുമ്പു കപ്പൽസൌകര്യങ്ങൾ ധാരാളമുണ്ടായിരുന്നു. എന്നാൽ ഇപ്പോഴതില്ല. ഇതുവളരെ അധികംദിവസം വച്ചുകൊണ്ടിരിപ്പാൻ സാദ്ധ്യമല്ല. നാശംവന്നുപോകും. ഇവിടെ ഒരുകോടിനാല്പതോ അമ്പതോ ലക്ഷം രൂപയ്ക്കുള്ള മത്സ്യമുണ്ടാകുമെന്നാണ് കണക്കുകൊണ്ടുകാണുന്നതു്. മലബാറും തിരുവിതാംകൂറും ഗവണ്മെണ്ടുകളും നമ്മുടെ ഗവണ്മെണ്ടും കൂടിയാലോചിച്ചു ഇതിന്നു ഒരു സ്കീം തയ്യാറാക്കി പ്രവർത്തിക്കുകയാണെങ്കിൽ നന്നായിരിക്കുമെന്നാണു് ഗവണ്മെണ്ടിന്നു തോന്നുന്നതു്. ഫിഷിങ്ങിന്നു വേണ്ട സൌകര്യം ചെയ്തുകൊടുക്കുകയെന്നുള്ളതാണ് പ്രധാന കാര്യം. ഇതു് ഒറക്കു ഒരാൾക്കു നടത്തുവാൻ പ്രയാസമാണ്. വളരെ അധികം പണം ചിലവു ചെയ്താൽ ചിലപ്പോൾ വലിയ നഷ്ടമാണ് ഉണ്ടാകുന്നതു്. ഇവിടെ കിട്ടുന്ന മത്സ്യങ്ങൾക്കുതന്നെ ശരിയായ മാർക്കറ്റു കണ്ടുപിടിക്കാനും ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു മൂന്നുഗവണ്മെണ്ടുകളും കൂടി ആലോചിച്ചു ഇതിൽ പ്രവർത്തിക്കേണ്ടതത്യാവശ്യമാണ്.

ഡോക്ടർ (മിസ്സിസ്) ടി. ഫ്രാൻസിസ്സ്: Deep Sea Fishing തിരുവിതാംകൂറിൽ ഇപ്പോൾ നടക്കുന്നില്ലെ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അവിടെ ഇതിന്നു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടു്; എന്നല്ലാതെ കൂടുതൽ വിവരങ്ങൾ ഒന്നും കിട്ടിയിട്ടില്ല. ഉടനെതന്നെ ഇവിടെനിന്നും ഒരാളെ അയച്ചു് അവിടത്തെ പ്രവർത്തനങ്ങളെ ശരിയായി മനസ്സിലാക്കിവരുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഇന്നതന്നെ അതിന്നു മുൻ അങ്ങോട്ടു പോയിട്ടുണ്ടായിരിക്കണം. ഇതിന്നു വേണ്ടി പ്രവർത്തിക്കാൻ പല കമ്പനികളും ധനസഹായം മുതലായ്പ്പെടുന്നുണ്ടു്. ചില വിദേശികന്മാരും ഇവിടെ വന്നു അന്വേഷണം നടത്തി വേണ്ട പലതികളും രൂപീകരിക്കാമെന്നു പറയുന്നുണ്ടു്, പക്ഷെ അവരെല്ലാം ചില കണ്ടീഷനോടുകൂടി ചെയ്യാനേ ഒരുക്കമുള്ളു. അവർ ഇവിടെ വന്നു നോക്കുന്നതിന്നു നേരത്തെ തന്നെ തീവണ്ടിക്കൂലിയും മറ്റും കൊടുക്കണം എന്നാണു് പറയുന്നതു്. അതിന്നു ഇവിടെ നിന്നായച്ച മറുപടിയിൽ, ഇവിടെ വന്നു അന്വേഷണം നടത്തി വേണ്ടതുപ്രായോഗികമായ വഴി നിർദ്ദേശിച്ചുതരുകയാണെങ്കിൽ അതിന്നു വേണ്ടിവരുന്ന ചിലവുകളെല്ലാം കൊടുക്കാമെന്നു പറഞ്ഞിരുന്നു. പിന്നെ അവരുടെ മറുപടിയൊന്നും കണ്ടില്ല. പിന്നെയും ഇതിനെപ്പറ്റി പല നിർദ്ദേശങ്ങളും വരുന്നുണ്ടു്. ബൊംബെയിൽ ഇതിന്നു വേണ്ടി പ്രവർത്തിക്കുന്ന പല കമ്പനികളുമുണ്ടു്. പുറമെ പത്തു ലക്ഷം രൂപയുടെ ലോൺ ഫ്രോട്ടചെയ്തു ഒരു കമ്പനി തുടങ്ങാൻ പോകുന്നുണ്ടു്. അതിൽ കൊച്ചിഗവണ്മെണ്ടു ഒരു ഷെയർ എടുത്താൽ തരക്കേടില്ലായെന്നു പറയുന്നുണ്ടു്. പക്ഷെ ഇങ്ങിനെയുള്ള കാര്യങ്ങളിൽ പ്രവേശിക്കാൻ ഗവണ്മെണ്ടിന്നു ധൈര്യമില്ല. എതായാലും നമ്മുടെ അയൽ ഗവണ്മെണ്ടുകളുമായി ആലോചിച്ചു് ഇതിനെത്രത്തോളം സാദ്ധ്യതയുണ്ടെന്നു അന്വേഷണം നടത്തണം. ഇതാണു ഫിഷിങ്ങിന്റെ ഇന്നത്തെ നില. ഇക്കൊല്ലം മറ്റെല്ലാ ഡിപ്പാർട്ടുമെണ്ടുകളെക്കാളും താരതമ്യേന കൂടുതൽ സംഖ്യ വകകൊള്ളിച്ചിട്ടുണ്ടു്. ഈ സംഖ്യ മുഴുവൻ ചിലവാകുന്നതുമാണ്. ഇതിന്റെ പ്രവർത്തനത്തിനു കഴിയുന്ന സഹായമെല്ലാം ബഹുമാനപ്പെട്ട അംഗങ്ങളിൽ നിന്നു ഉണ്ടാകുമെന്നു് ആശിക്കുന്നു.

CUT MOTION No.1.

* മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: —To reduce the allotment of Rs. 12,435. under establishment, 2 fisheries by Re. 1.

(To bring home to the notice of the Government the need to open a fish curing yard at Manachery) സർ, മത്സ്യങ്ങൾ ധാരാളമായിട്ടു കിട്ടുന്നതു് അപ്രതീക്ഷിതമായിട്ടുള്ള ചില അവസരങ്ങളിൽ ആയിരിക്കും. അതു കേടുവരാതെ സൂക്ഷിക്കുന്നതിൽ വളരെ വിഷമം നേരിടുന്നുണ്ടു്. അതിന്നു വേണ്ടിയാണ് ഞാൻ ഈ Fish curing yard വേണം എന്നു് ആവശ്യപ്പെടുന്നതു്. വലിയ ജാതി മത്സ്യങ്ങൾ കിട്ടിയാൽ അതു് ഛിന്നഭിന്നമായി പോകാതെ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

സൂക്ഷിക്കുന്നതിനു് ഇപ്പോൾ വലിയ പ്രയാസമാണു്. മത്സ്യവ്യവസായം വളരെ ലാഭമുള്ള താണു്. എന്നാൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആൾക്കാക്കു് മത്സ്യം കിട്ടുന്നതു് കേടുവരാതെ സൂക്ഷിക്കുന്നതിന്നായിട്ടു് പലപ്പോഴും പല ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നിട്ടുണ്ടു്. അതിന്നു വേണ്ടിയാണു് മാനാശ്ശേരി എന്ന സ്ഥലത്തു Fish curing yard വേണം എന്നു് ആവശ്യപ്പെടുന്നതു്. ഈ കാര്യത്തിൽ ഗവൺമെണ്ടു് വേണ്ടതു ചെയ്യുമെന്നുള്ള ഉറപ്പോടുകൂടി ഞാൻ ഈ കട്ടുമോഷൻ അവതരിപ്പിച്ചു കൊള്ളുന്നു.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: സർ, ബഹുമാനപ്പെട്ട മെമ്പറുടെ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊണ്ടു് രണ്ടു വാക്കു പറഞ്ഞാൽ കൊള്ളാമെന്നു് ഞാനും ആഗ്രഹിക്കുന്നു. ഇതിനെ സംബന്ധിച്ചുള്ള വിശദീകരണത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഒന്നു രണ്ടു കാര്യങ്ങളും സൂചിപ്പിക്കുയുണ്ടായി. മത്സ്യം സാധാരണ ജനങ്ങളുടെ ആഹാരത്തിനു് ഉതകുന്നതാണെന്നും അതു വളരെ പോഷകാംശം അടങ്ങിയിട്ടുള്ളതാണെന്നും ഇവിടെ പ്രകടമാക്കി കഴിഞ്ഞിട്ടുണ്ടു്. എന്താണ്ടു് കൊച്ചീരാജ്യത്തിലെ ജനങ്ങളിൽ ഉദ്ദേശം വ്യ ശതമാനം ജനങ്ങളും മത്സ്യം ഭക്ഷിക്കുന്നവരാണു്. Deep sea fishing നെ സംബന്ധിച്ചുള്ള അഭിപ്രായം ഇവിടെ പറഞ്ഞതിൽ നിന്നു വ്യത്യസ്ഥമായ അഭിപ്രായമാണു് എനിക്കുള്ളതു്.

Mr. President : We are on á Cut motion about a fish curing yard at Mananchery.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: എങ്കിലും ബഹുമാനപ്പെട്ട മന്ത്രിമാർക്കും ഇതിനെ സംബന്ധിച്ചു കുറച്ചൊന്നു സംസാരിച്ചുപോകാം ആ കാര്യം ഒന്നു കൂടി വ്യക്തമാക്കാം എന്നു വിചാരിക്കുകയാണു്.

Mr. President : There is another motion about the Development of Fisheries in the State.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: സാധാരണയായിട്ടു മത്സ്യം കിട്ടുന്നകാലത്തു് ധാരാളം മത്സ്യംകിട്ടുന്ന ഒരു സ്ഥലമാണു് മാനാശ്ശേരി. കടലോരങ്ങളിൽ മത്സ്യം പിടിക്കുന്നതിനു വള്ളം ഇറക്കുന്നതിനും വള്ളം അടുക്കുന്നതിനും പ്രത്യേകചില സങ്കേതങ്ങളുണ്ടു്. അങ്ങിനെയുള്ള ചില പ്രത്യേകസങ്കേതങ്ങളിൽ മാത്രമെ വള്ളങ്ങൾ ഇറക്കുന്നതിനും മത്സ്യം പിടിച്ചുകഴിഞ്ഞാൽ ആ വള്ളം അടുപ്പിക്കുന്നതിനും സാധിക്കുകയുള്ളു. ഇങ്ങിനെ മത്സ്യബന്ധനസൗകര്യമുള്ള ചുരുക്കം ചില പ്രദേശങ്ങളിൽ ഒന്നാണു് മാനാശ്ശേരി. ഇതു് വേണ്ട വിധത്തിൽ ഉപയോഗിക്കത്തക്കവണ്ണം അവിടെ ഒരു Fish curing yard ഏറ്റവും ആവശ്യമാണു്. മത്സ്യം അധികസമയം ചീയാതെകണ്ടു് നില്ക്കുന്ന ഒന്നല്ല. പിടിച്ചു കഴിഞ്ഞ അവസരത്തിൽ അതു് വേഗത്തിൽ മാർക്കറ്റിൽ എത്തിക്കണം. മാർക്കറ്റിൽ എത്തിക്കുവാൻ സൌകര്യം കിട്ടാത്തപക്ഷം അതിന്നു ശരിയായ ഒരു വില, അവരുടെ ജോലിക്കു തക്കതായ പ്രതിഫലം കിട്ടാതെകണ്ടു് അതു് അവിടെ തന്നെ കിടന്നു് ചീഞ്ഞു് പോകുകയാണു് പതിവു്. ഇങ്ങിനെ പലപ്പോഴും സംഭവിക്കാറുണ്ടു്. വമ്പിച്ച നഷ്ടമുണ്ടാകാറുണ്ടു്. ഇടത്തട്ടുകാരായ ചില കച്ചവടക്കാർ വന്നു് ഈ തക്കം നോക്കി ഇവരുടെ പക്കൽനിന്നു് ഏറ്റവും ചുരുങ്ങിയ വിലക്കു മത്സ്യം വാങ്ങിക്കുന്നതിൽ വലിയ ചൂഷണം നടത്തുന്നുണ്ടു്. വല്ലതും ആഹാരത്തിനുള്ള വക കിട്ടണമെന്നുള്ളതാണു് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഉദ്ദേശം. ചിലപ്പോൾ മത്സ്യം കിട്ടിക്കഴിഞ്ഞാൽ അതു കച്ചവടം നടത്തുവാൻ സൌകര്യപ്പെടാതെ വരികയാണെങ്കിൽ അങ്ങിനെയുള്ള മത്സ്യങ്ങൾ ഉപ്പിട്ടു് ഉണക്കുന്നതിനും അതു ചോലെ മറവിധത്തിൽ ഉപയോഗയോഗ്യമാക്കി തീർക്കുവാനും ഇപ്പോഴത്തെ നിലയിൽ പലർക്കും സൌകര്യമില്ലാതെയാണിരിക്കുന്നതു്. അതുകൊണ്ടു് മാനാശ്ശേരിയിൽ ഇതുപോലെ ഒരു Fish curing yard ഉണ്ടാക്കേണ്ടതു് ഏറ്റവും അഭിലഷണീയമായിട്ടുള്ള ഒരു കാര്യമാണു്. അതുകൊണ്ടു് ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ ശ്രദ്ധ ഇക്കാര്യത്തിൽ ഉടനെ പതിയുമെന്നു് ഞാൻ വിശ്വസിക്കുന്നു.

* മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സർ, ഇവിടെ പറഞ്ഞവിധത്തിൽ ഒരു Fish-curing yard ഉണ്ടാക്കുവാൻ വളരെ ബുദ്ധിമുട്ടുണ്ടു്. ഗവൺമെണ്ടിന്റെ അനുഭവത്തിലും ബഹുമാനപ്പെട്ട് മെമ്പർ പറഞ്ഞ മാതിരിയിലും നമ്മുടെ നാട്ടിൽ മത്സ്യം ധാരാളം ഞള്ളകും ഉപയോഗിച്ചുവരുന്നുണ്ടെന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. Fish curing yard ഗവൺമെണ്ടിൽനിന്നു് ഉണ്ടാക്കി കൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ ഒരു പ്രത്യേകഗുണം എന്താ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. Ikkanda Warriar]

ണെന്ന വെച്ചാൽ അവിടെ സക്കാരിൽനിന്നും ധാരാളം ഉപ്പ് ശേഖരിച്ചു വെച്ചിരിക്കും. ആ ഉപ്പ് വളരെ കുറഞ്ഞ വിലയ്ക്ക് അതായതു് മന്നിന്നു് വില. വിലയ്ക്കു് അവക്കു കൊടുക്കും. കൂടാതെ ഇതു് നിഷ്കർഷയോടുകൂടി ചെയ്യുന്നതിനുള്ള Supervision-ും കിട്ടും. ഇങ്ങിനെ ചില സ്ഥലങ്ങളിൽ ചില സൌകര്യം ഏർപ്പാടുചെയ്തിട്ടുണ്ടു്. മത്സ്യം ഉപ്പിട്ടു ഉണക്കുന്ന കായ്ത്തിൽ ഗവമ്മെണ്ടിൽനിന്നു് ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ ഒരിക്കൽ ഉപയോഗിച്ച വെള്ളം പിന്നീടു് ഉപയോഗിക്കുവാൻ പാടില്ല. എന്നാൽ മറവുള്ളവർ അതു നിഷ്കർഷിക്കാതെ കണ്ടു് ഒരിയ്ക്കൽ ഉപയോഗിച്ച ഉപ്പുവെള്ളം പിന്നെയും ഉപയോഗിക്കും. അപ്പോൾ അതിൽ ധാരാളം ചളിയും മറവും പറ്റുന്നതിനു് ഇടയുണ്ടു്. എന്നാൽ ഗവമ്മെണ്ടു് ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ വളരെ വൃത്തിയായും കേടുവരാതെയും സൂക്ഷിക്കുന്നതിനുവേണ്ടി വളരെ നിഷ്കർഷ ചെയ്യാറുണ്ടു്. അവിടെ വളരെ Scientific ആയിട്ടാണു് ചെയ്യുവരുന്നതു്. ഗവമ്മെണ്ടു് ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങൾ ഏതാണ്ടു് മാക്കറിനോടു് അടുത്താണു്. പിന്നെ ഈ കായ്ത്തിൽ വേറെ ഒരു ദോഷം എന്താണെന്നു വെച്ചാൽ, പബ്ലിക്ക ഹെൽത്തു് ഡിപ്പാർട്ടുമെന്റിൽ നിന്നും ഇതു നടത്തുന്നതിനായിട്ടു് ലൈസൻസ്സു കൊടുത്തുവരുന്നുണ്ടു്. എന്നാൽ അവർ ലൈസൻസ്സു കൊടുക്കുന്നുണ്ടെങ്കിലും അതു വേണ്ടതുപോലെ supervise ചെയ്യുവാനുള്ള Staff അവക്കില്ല. പണം കൊണ്ടുപോയി കൊടുക്കുന്നവക്കൊക്കെ അവർ ലൈസൻസ്സു കൊടുക്കും. അതുകൊണ്ടു് ലൈസൻസ്സു കൊടുക്കുന്ന കായ്ം Fishery Department-ന്നു് ഏല്പിച്ചു കൊടുക്കുകയാണെങ്കിൽ, അതു് കുറച്ചു കൂടി നന്നായി നടത്തുവാൻ സാധിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

പിന്നെ മാനാശ്ശേരി എന്നസ്ഥലത്തിന്നടുത്തു് കണ്ണമാലി എന്ന ഒരു സ്ഥലം ഉണ്ടു്. അവിടേയ്ക്കു് മാനാശ്ശേരിയിൽനിന്നു് ½ നാഴികയെ അകലം ഉള്ളു. അവിടെ ഒരു Fish-curing yard ഉണ്ടു്. ഞാൻ മുമ്പു പറഞ്ഞമാതിരിയുള്ള അനുഭവം കൊണ്ടാണു് മാനാശ്ശേരിയിൽ ഒരു Fishing curing yard തുടങ്ങുവാനുള്ള ബുദ്ധിമുട്ടു്. ഇതുയും അടുത്തു് ഒരു yard ഉള്ള സ്ഥിതിക്കു്, അങ്ങോട്ടും ഇങ്ങോട്ടുമുള്ള യാത്രാസൌകര്യം ചെയ്തുകൊടുക്കാം എന്നുള്ളതല്ലാതെ ഉടനെ അവിടെ Fish-curing yard തുടങ്ങുവാൻ നിവൃത്തിയില്ല. ഇതു് വേറെ ഒരു ഉദ്ദേശം കൊണ്ടല്ല പറയുന്നതു്. ഇതിനു് മറവു വിധത്തിൽ എന്തെല്ലാം സൌകര്യങ്ങളും ചെയ്തുകൊടുക്കാമോ അതെല്ലാം ഗവമ്മെണ്ടിൽനിന്നു് ചെയ്തുകൊടുക്കുവാൻ തയ്യാറാണു്. ആ കായ്ം അനുഭവപൂർവ്വം ആലോചിക്കാം.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: സർ, ബഹുമാനപ്പെട്ട മന്ത്രി അവർകളും അനുഭവപൂർവ്വം വേണ്ടതു് ചെയ്യാം എന്നു പറഞ്ഞതനുസരിച്ചു് ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawan

CUT MOTION No. 2.

മിസ്റ്റർ കെ. എ. അച്യുതൻ: To reduce the allotment of Rs. 82,699 for Fisheries (total) in demand No. 2 by —Re. 1.

To impress upon the Government the urgent necessity for finding markets in Burma, Rangoon and other foreign lands for shelled prawns and to take immediate steps to facilitate the export of shelled prawns to foreign market.

സർ, ചെമ്മീൻപരിപ്പു് കയറ്റി അയക്കുന്നതിനു് ഉതകിയ മാക്കറ്റു് ബമ്മാ, റങ്കൂൺ മുതലായ സ്ഥലങ്ങളിൽ ഗവമ്മെണ്ടു് കണ്ടുപിടിക്കുന്നതിനും ചെമ്മീൻപരിപ്പു് കയറ്റി അയക്കുന്നതിനും വേണ്ട സൌകര്യങ്ങളും ചെയ്തുകൊടുക്കുന്നതിന്റെ ആവശ്യകതയെ ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുന്നതിനു വേണ്ടിയാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതു്. നമ്മുടെ പ്രദേശങ്ങളിൽ ചെമ്മീൻപരിപ്പു് ഒരു ഭക്ഷണസാധനമായിട്ടു് വളരെ കുറച്ചുമാത്രമെ ഉപയോഗിച്ചു വരാറുള്ളു. ഇതു് വളരെ അധികം കിട്ടുന്നതു് ഉഴുന്നിപാടങ്ങളിൽനിന്നും, കായലുകളിൽനിന്നും, കൃഷിചെയ്യുന്ന പാടങ്ങളിൽനിന്നും മറവുമാണു്. തുലാമാസം കഴിഞ്ഞാൽ ചെമ്മീൻ വാറ്റിന്റെ കാലമാണു്. ഇപ്പോൾ ചെമ്മീൻവാറ്റു് ധാരാളമായി നടക്കുന്നുണ്ടു്. കൊച്ചിയിൽ ഈ വ്യവസായം വലിയ തോതിൽ നടക്കുന്നു. അനേകലക്ഷം ഉറുപ്പികയുടെ കച്ചവടം ഇവിടെ നടക്കുന്നുണ്ടു്. അതിനു് ശരിയായ വിധത്തിലുള്ള ഒരു മാക്കറ്റു് ഇവിടെയില്ലാത്തതുകൊണ്ടു് ഈ വ്യവസായികൾക്കു് വലിയ നഷ്ടം ഉണ്ടാകുന്നുണ്ടു്. കൊച്ചിയിലെ പത്തു പന്ത്രണ്ടു പാണ്ടികശാല

LIBRARY ARCHIVES Kerala Legislative Assembly

ക്കാരുടെ കയ്യിലാണ്. ഇതിന്റെ പ്രവർത്തനം മുഴവനും സ്തംഭിപ്പിച്ചിരിക്കുന്നതു്. Sole agency അവർക്കാണ്. അവരുടെ ചൂഷണത്തിൽപ്പെട്ടു് കഷ്ടപ്പെടുന്നവരാണ് ഈ തൊഴിൽക്കാർ.

റങ്കൂൺ, ബർമ്മാ മുതലായ സ്ഥലങ്ങളിൽ ഇതിനു വലിയ മാർക്കറ്റുണ്ടു്. എന്നാൽ അവിടെയുള്ള വലിയ കച്ചവടക്കാർ Import license എടുക്കുന്നു. അവരിൽനിന്നും Sub-agency കിട്ടുന്നതു് ഇവിടെയുള്ള പാണ്ടികശാലക്കാർക്കു മാത്രമാണ്. അതിനുള്ള ലൈസൻസ്സു് അവർക്കുമാത്രമെ കൊടുക്കുന്നുള്ളു. അവർ വിചാരിക്കുന്നതുപോലെ വില കൂട്ടുകയും കുറക്കുകയും ചെയ്യാം. നമ്മുടെ ചില്ലറ കച്ചവടക്കാർക്കു് ഈ സാധനം അവിടങ്ങളിലേക്കു് കയറ്റി അയക്കുന്നതിനുള്ള യാതൊരു സൌകര്യവും കിട്ടുന്നില്ല. തൻനിമിത്തം ഇവിടത്തെ പാണ്ടികശാലക്കാരായ ഏജൻറുമാർ വലിയ അക്രമങ്ങൾ, സാധാരണഭാഷയിൽ പറയുകയാണെങ്കിൽ പല ചൂഷണങ്ങളും ചെയ്യുവരുന്നുണ്ടു്. ഈ ചൂഷണം എത്രമാത്രമുണ്ടു് എന്നു വ്യക്തമാക്കുന്നതിനു് ഒരു ബിൽ ഞാൻ വായിച്ചു കേൾപ്പിക്കാം. പാവപ്പെട്ട നമ്മുടെ തൊഴിലാളികൾക്കു് യാതൊന്നും കിട്ടുന്നില്ല എന്നു തെളിയുന്നതാണ്. Import license കാർ ഇവിടെനിന്നും ചെമ്മീൻപരിപ്പു് കയറ്റി അയച്ചാൽ എതെല്ലാം തരത്തിൽ ലാഭം എടുക്കുവാൻ സാധിക്കുമെ അതൊക്കെ അവരിൽനിന്നും എടുക്കുന്നു. പാണ്ടികശാലക്കാരിൽനിന്നും അല്പം വല്ലതും ധനസഹായം എടുത്തുപോയാൽ പിന്നെ ആ കച്ചവടക്കാരൻ ആ മുതലാളിയുടെ അടിമയായി. റങ്കൂണിലും, ബർമ്മായിലും ഇവിടത്തെ പാണ്ടികശാലക്കാർ ഇത്ര ചാക്കു് അയക്കുന്നു എന്നു കമ്പനി അടിക്കുന്നതിനുവേണ്ടി ചാക്കു് ഒന്നിനു വീണ. വീതം അവർ എടുക്കുന്നു. ഒരു ചാക്കിന്റെ വിവരത്തിനും എത്ര ചാക്കിന്റെ വിവരത്തിനും ചാർജ്ജു് ഒന്നുതന്നെ മതിയാകുമല്ലൊ. പക്ഷെ, തൊണ്ണൂറുചാക്കു് അയച്ചതിനു് ര ൫ ക. കമ്പിക്കുലി എന്ന ഇനത്തിൽ എടുത്തിട്ടുണ്ടു്. മമ്പു ഭീമ തോണി കൂലിക്കു് നൂറു ൻ ക. നൂണ. യും, ലാഗ ൫— ൨ ൦— ൦, റങ്കൂൺ കമ്മീഷൻ ൧൦൦— ൨൫— ൦, റങ്കൂൺഡ്യൂട്ടി ൨൦൦൦—ൻ— ൦, റങ്കൂൺ ചിലവു് വ്യ ൨ ൦ ക., ഉണ്ടിയൽ വട്ടം ൨ ൫ ൨-൨൫-൦, ഇവിടം കമ്മീഷൻ ര ൫ ൦ ക. കമ്പിച്ചിലവു് എന്നിവയാണ് എടുക്കുന്നതു്. ഇതിനും പുറമെ ഒരു കണ്ടി ചരക്കു് അവിടെ ചെന്നാൽ ൨ ൫ ക. ചെറിയ കച്ചവടക്കാരിൽനിന്നും കമ്മീഷൻ നേരിട്ടു് എടുക്കുന്നുണ്ടു്. ഇപ്പോൾ ഈ വായിച്ച കണക്കു് പല ചില്ലറ കച്ചവടക്കാർ കൂടി ൯ ൦ ചാക്കു് പരിപ്പു് അയച്ചതിനേറ്റതാണ്. ൨൫ ൦ ൦ ൦-ൽ പരം ഉറുപ്പികയുടെ കച്ചവടത്തിൽനിന്നും ൫ ൦ ൦ ൦ക.യോളം സുഖത്തിൽ ഈ സാധുക്കളിൽനിന്നും കവർച്ചചെയ്യുന്നു. സാധാരണയായിട്ടുപറയുകയാണെങ്കിൽ ഇതു് ഒരുതരത്തിലുള്ള ചൂഷണംമാത്രമാണ്. ഇതിനുള്ള പ്രധാനകാരണം ഈ സാധനങ്ങൾ ഇവിടെ നിന്നു് കയറ്റി അയക്കുന്നതിനുള്ള സൌകര്യം ഇല്ലാത്തതുകൊണ്ടാണു്. അതുകൊണ്ടു് ഒരു Trade Agent–നെ ഗവർമ്മെണ്ടിൽനിന്നും നിയമിച്ചു് റങ്കൂൺ മുതലായ സ്ഥലങ്ങളിലേക്കു് ചെമ്മീൻപരിപ്പുകയറ്റി അയക്കുന്നതിനുള്ള ലൈസൻസ് എടുത്തു് ഇവിടത്തെ ചില്ലറ കച്ചവടക്കാർക്കു് ആ ലൈസൻസ് Distribute ചെയ്യുവാൻ വേണ്ട Arrangements ചെയ്തുകൊടുക്കുകയാണു് അത്യാവശ്യമായിരിക്കുന്നതു്. Shipping Arrangements നെ സംബന്ധിച്ചു് നമ്മുടെ ഗവർമ്മെണ്ടു് ഇൻഡ്യാഗവർമ്മെണ്ടുമായിട്ടു് എഴുത്തുകുത്തുനടത്തി വേണ്ടസൌകര്യങ്ങൾ ചെയ്യുന്നതായിരിക്കും നല്ലതു്. ഇങ്ങിനെ ചെയ്യുകയാണെങ്കിൽ നമ്മുടെ കച്ചവടക്കാർക്കു് വലിയ ബുദ്ധിമുട്ടു കൂടാതെ കച്ചവടംനടത്തിക്കൊണ്ടു പോകുന്നതിനു സാധിക്കും. അവരുടെ വേലക്കൂലിമുട്ടു കൂടാതെ കച്ചവടംനടത്തിക്കൊണ്ടു പോകുന്നതിനു സാധിക്കും. അവരുടെ വേലക്കൂലി കൂടാതെ കച്ചവടംനടത്തിക്കൊണ്ടു പോകുന്നതിനു സാധിക്കും. അവരുടെ വേലക്കൂലി മ

[Mr. K. H. Sulaiman]

സന്ധിയായിട്ടുള്ള ഒരു പ്രശ്നം കൂടിയുമാണ്. ചെമ്മീൻ പരിപ്പിന്റെ കച്ചവടം നിമിത്തം വളരെ കൊല്ലങ്ങൾക്കു മുമ്പുതന്നെ നമ്മുടെ നാട്ടു വിദേശ പൌരന്മാരുമായിട്ട് സമ്പർക്കം സമ്പാദിക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ സമയം മുതൽ ഈ കച്ചവടത്തിനു് എന്തെന്തു് മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളതെന്നു നോക്കിയാൽ യാതൊരു പുരോഗതിയും ഈ കച്ചവടം സംബന്ധിച്ചു കൊച്ചിക്കുണ്ടായിട്ടില്ലെന്നു മനസ്സിലാക്കുവാൻ സാധിക്കും. ഈ കച്ചവടകാര്യങ്ങളൊക്കെ ഒരുക്കും ഒരു നിശ്ചയവും ഇല്ലാതെ കണ്ടു് ഒരു അനിശ്ചിതാവസ്ഥയിലാണ് നടന്നുകൊണ്ടിരിക്കുന്നതു്. കച്ചവടക്കാർ ചെമ്മീൻ പരിപ്പു് അനന്തര ഫലം നോക്കാതെ ഇവിടെനിന്നു് കയറ്റി അയച്ചാൽ ഒരു പക്ഷെ മാർക്കറ്റു് റേറ്റു കുറവാണെങ്കിൽ കച്ചവടക്കാർ നഷ്ടപ്പെടേണ്ടതായിട്ടുള്ള ഒരു സ്ഥിതിയാണ് ഉണ്ടാകുക. അതുകൊണ്ടു് ഇതിന്റെ ഗുണദോഷഫലങ്ങൾ അറിയുവാനായി കമ്പിയുടെ മറുപടി കാത്തുകൊണ്ടു് ഇരിക്കുക പതിവാണു്. ഏതെങ്കിലും വിധത്തിൽ അഭിലഷണീയമായ ഒരു മറുപടിയാണു് കിട്ടുന്നതെങ്കിൽ, അവർക്കു് സന്തോഷപ്രദവും ആശ്വാസപ്രദവും ആയിരിക്കും. നേരെമറിച്ചു് മാർക്കറ്റു് കുറവാണു് എന്നുള്ള ഒരു മറുപടി കിട്ടിയാൽ ഈ കച്ചവടത്തെ സംബന്ധിച്ചു് ഒരു ചൂതുകളിയുടെ ഫലമാണ് ഉണ്ടാകുക. ഈ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കു് ഇപ്പോഴത്തെ സ്ഥിതിക്കു് ഒരു ചൂതുകളിയുടെ ഫലമാണ് അനുഭവം. അതിന്റെ ഫലമായിട്ടാണു് ഈ കച്ചവടം പുരോഗമിക്കാത്തതു്. അതുകൊണ്ടു് ഗവർമ്മെണ്ടു് ഈ വിഷയത്തിൽ കായ്മുമായി പ്രവൃത്തിക്കണമെന്നുള്ള അവതാരകന്റെ അഭിപ്രായം വളരെ ശരിയാണു്. രണ്ടുതരത്തിലാണ് മട്ടാഞ്ചേരിയിൽ ഇതിനെ സംബന്ധിച്ചുള്ള കച്ചവടം നടക്കുന്നതു്. ഒന്നു കമ്മീഷൻ Basis ലും, മറ്റൊന്നു് Sole agency യിലുമാണ്. ഇതു നമ്മുടെ നാട്ടുകാർക്കു നടത്തുവാൻ ലൈസൻസ്സു് കിട്ടുന്നില്ല. ഇങ്ങിനെ ഈ ചരക്കും ഇവിടത്തെ ആളുകളും തമ്മിൽ യാതൊരു ബന്ധവും പൊരുത്തവും ഇല്ലാതെയാണു് കാണപ്പെടുന്നതു്. അതുകൊണ്ടാണു് ഇതിനെ സംബന്ധിച്ചുള്ള മാർക്കറ്റു് ഇവിടെ പുരോഗമിക്കാത്തതു്. ഈ വകകായ്മുകളിൽ ഗവർമ്മെണ്ടുതന്നെ നേരിട്ടുപ്രവൃത്തിച്ചാൽ മാത്രമെ ഇതിനു കായ്മുമായിട്ടുള്ള മാർക്കറ്റുണ്ടാക്കുവാൻ സാധിക്കുകയുള്ളു. ഈ കായ്മും വളരെ അവഗാഢമായി ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

* മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സർ, ഈ കായ്ത്തിൽ ബഹുമാനപ്പെട്ട മെമ്പർമാരുടെ അഭിപ്രായത്തിൽ എനിക്കു യാതൊരു അഭിപ്രായവ്യത്യാസവും ഇല്ല. ഈ കായ്ത്തിനു് ഇൻഡ്യാഗവർമ്മെണ്ടുമായി എഴുത്തുകുത്തു നടത്തി ബർമ്മാഗവർമ്മെണ്ടിനെ സമീപിച്ചു നമ്മുടെ ഈ സാധനങ്ങൾ വില്ക്കുവാനുള്ള ഒരു സൌകര്യം ഉണ്ടാക്കുകയാണു് വേണ്ടതു്. ഇതിനു നമുക്കാവശ്യമായ Shipping facilities കിട്ടണം. ഇതിനു് ഇൻഡ്യാഗവർമ്മെണ്ടുമായി എഴുത്തുകുത്തുനടത്തി സാധിക്കേണ്ടതായിട്ടുള്ള ഒരു കായ്മുമായതു കൊണ്ടു് കുറച്ചു താമസിക്കേണ്ടിവരും. പിന്നെ പരസ്പരസഹായ സംഘങ്ങൾ മുഖേന നടത്തേണ്ടുന്ന ഒരു കായ്മാണു് ഇവിടെ ഉന്നയിച്ചിട്ടുള്ളതു്. ഗവർമ്മെണ്ടിനു് പണം ഇല്ലാത്ത ആവലാതിയാണു് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതു്. എന്നാൽ ഗവർമ്മെണ്ടിനു പണം ഇല്ലാത്ത അവസരങ്ങളിലാണു് പരസ്പരസഹായസംഘങ്ങളുടെ ആവശ്യമുള്ളതു്. ഈകായ്ങ്ങൾ നടത്തുവാൻ വേണ്ടി നിങ്ങൾ എല്ലാവരും പരിശ്രമിക്കുന്നപക്ഷം പാണ്ടികശാലക്കാരായ സേട്ടുമാർ ഒഴികെ ബാക്കിയുള്ളവർ ശ്രമിച്ചാൽ ഇതു് കൂടുതൽ എളുപ്പത്തിലും സാധിതപ്രായത്തിലും നടത്താവുന്നതാണു്. അതിനു് ഗവർമ്മെണ്ടിനു് ഏതു വിധത്തിലായാലും യോജിക്കുവാൻ യാതൊരു വിരോധവും ഇല്ല. ഗവർമ്മെണ്ടു് ഇതു് ഒരു പ്രധാന പ്രശ്നമായിട്ടുതന്നെ കരുതുന്നു. നാല്പതും, നാല്പത്തഞ്ചും ലക്ഷത്തോളം വരുന്ന ഒരു മുതലെടുപ്പു് ഇതുകൊണ്ടുണ്ടാകുമെന്നാണു് പ്രതീക്ഷിക്കേണ്ടതു്. ഇന്നത്തെ നിലയിൽ വലിയ ഒരു സംഖ്യ മുൻകൂട്ടി ചിലവു വരാവുന്ന ഒരു പദ്ധതിയിൽ ഏർപ്പെടുവാനുള്ള ഒരു വിഷമം മാത്രമെ ഗവർമ്മെണ്ടിനുള്ളു. ഈ കായ്ത്തിൽ ഗവർമ്മെണ്ടു് വളരെ അനുഭാവപൂർവ്വം വീക്ഷിക്കുന്നതാണു്.

മിസ്റ്റർ പി. കെ. ഡീവർ: ബർമ്മായിലുള്ള കച്ചവടക്കാർ ചിലപ്രത്യേകം ആളുകൾക്കു മാത്രമെ ലൈസൻസ്സു് കൊടുക്കുകയുള്ളു എന്നു നിർബന്ധം ഉണ്ടെങ്കിൽ അതിനെസംബന്ധിച്ചു് ഇൻഡ്യാഗവർമ്മെണ്ടുമായിട്ടു് നമുക്കു് ആലോചിക്കാൻ സാധിക്കുകയില്ലെ?

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതാണ് ഇൻഡ്യാഗവർമ്മെണ്ടുമായി ആലോചിക്കാമെന്നു പറഞ്ഞതു്.

മിസ്റ്റർ പി. കെ. ഡീവർ: ഇൻഡ്യയിൽ ഹൈദരാബാദ്, ഇൻഡോർ മുതലായ സ്ഥലങ്ങളിലും മത്സ്യവ്യാപാരം വളരെ പുരോഗമനപരമായി നടന്നുവരുന്നുണ്ട്. അവിടെനിന്നും നമുക്ക് Agency വ്യവസ്ഥകിട്ടുവാൻ, ഇൻഡ്യാഗവർമ്മെണ്ടുമായിട്ട് എപ്പോട്ട ചെയ്യുവാൻ സാധിക്കുകയില്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ; ആ കാര്യവും ഗവർമ്മെണ്ടു് അന്വേഷിക്കാം. ഗവർമ്മെണ്ടിനു വേറെ ഒരു അഭിപ്രായവും കൂടിയുണ്ട്. ഈ അവസരത്തിൽ വലിയ ഒരു തുക ചിലവാക്കുവാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതിയുണ്ടെന്നു് അറിയിക്കുവാൻ ആഗ്രഹമുണ്ട്. അതുകൊണ്ടു തല്ക്കാലം ഒരു ചുരുങ്ങിയ തോതിൽ എന്തെങ്കിലും പ്രവൃത്തിക്കുവാനെ ഇപ്പോൾ സാദ്ധ്യമാക്കുകയുള്ളൂ. പിന്നെ ഈ കാര്യത്തിൽ മദ്രാസ്സുഗവർമ്മെണ്ടിനു് എന്തെങ്കിലും താല്പര്യമുണ്ടോ എന്നുകൂടി ഗവർമ്മെണ്ടു് അന്വേഷിക്കുന്നതാണു്.

മിസ്റ്റർ സി. വി. ഇയ്യു: സർ, വടക്കൻ പ്രദേശങ്ങളിൽ ഇവിടെ കിട്ടുന്ന മാതിരിയിലുള്ള ചെമ്മീൻപരിപ്പു് വളരെ ദുർല്ലഭമായിട്ടേ കിട്ടുകയുള്ളൂ. കന്നംകുളം മുതലായ വടക്കൻ സ്ഥലങ്ങളിൽ മത്സ്യത്തിനു ധാരാളം ചിലവുണ്ടു്. അവിടെനിന്നു കിട്ടുന്ന ചെമ്മീൻപരിപ്പു് കടലിൽനിന്നു കിട്ടുന്ന ചെമ്മീനിനേറെതായതുകൊണ്ടു് അതു് ഉപഭോക്താക്കൾക്കു വയറിനു് അത്ര സുഖമുള്ളതല്ല. പുഴയിലെചെമ്മീനായാൽ അതു ദോഷമില്ല. പുഴയിലെചെമ്മീൻ അവിടെ വളരെ ദുർല്ലഭമായിട്ടേ കിട്ടുന്നുള്ളൂ. അതുകൊണ്ടു് ഇതൊന്നു പരിശോധിച്ചാൽ തരക്കേടില്ലെന്നുള്ള അഭിപ്രായം എനിക്കുണ്ടു്.

മിസ്റ്റർ കെ. എ. അച്യുതൻ: സർ, ഈ കാര്യത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി വളരെ അനുകൂലമായ നിലയിൽ വേണ്ടതു ചെയ്യാമെന്നു് ഉറപ്പു പറഞ്ഞതിനെ ആസ്പദിച്ചു് ഞാൻ ഈ കട്ടുമോഷൻ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Mr. President: I think motions Nos. 3 & 4 being similar can be moved together.

Mr. K. K. Kannan *(Kanayannur-Depressed Classes)*: I don't move the motion standing in my name, Sir.

Cut Motion No. 3 not moved

CUT MOTION No. 4.

Dr.(Mrs.)T.Francis *(Ernakusam-Women)*: Sir, I move to reduce the allotment of Rs.82,699 for Fisheries in Demand No. 2 by Re. 1 *to make the Government realise the dire necessity of improving the fishing of the waters of Cochin*

Mr. President: That is the same as Mr. Kannan's motion. The Lady Member's motion No. 8 is also the same. Motion No. 6 standing in the name of Mr. M. I. Paul also is of a similar nature.

ഡോക്ടർ മിസ്സിസ്സ് ടി. ഫ്രാൻസീസ്: മത്സ്യംപിടിത്തം വളരെ പ്രധാനമേറിയ ഒരു സംഗതിയാണു്. കടൽ, പുഴ മുതലായ സ്ഥലങ്ങളിൽനിന്നും മറ്റു ജലാശയങ്ങളിൽനിന്നുമാണു് മത്സ്യംപിടിത്തം നടത്തുന്നതു്. മത്സ്യംപിടിത്തത്തെ സംബന്ധിച്ചു് എന്റെ സ്വന്ത അനുഭവത്തിലുള്ളതും മത്സ്യപിടുത്തക്കാരിൽനിന്നു മനസ്സിലാക്കിയിട്ടുള്ളതുമായ ചില സംഗതികൾ ഞാൻ ഇവിടെ പറയാമെന്നു വിചാരിക്കുന്നു. ഏറ്റവും അധികം മത്സ്യം കിട്ടുന്നതു് കടലിൽനിന്നാണു്. കടലിൽപോയി മത്സ്യം പിടിക്കുന്നതു് ഒരു പ്രത്യേക സമുദായത്തിൽപെട്ട ആളുകളാണു്. ആ തൊഴിൽ നടത്തുന്നതു് സാമുദായികമായിട്ടു നോക്കുമ്പോൾ ഇപ്പോൾ പലതും ചെയ്യുന്നുണ്ടു്. ഇവരെല്ലാം കടലിൽ വളരെ ദൂരം പോയിട്ടാണു് മത്സ്യം പിടിച്ചുകൊണ്ടുവരുന്നതു്. മീൻപിടിത്തത്തിൽ വേറെ ഒരുതരം ഉണ്ടു്. Back-water fishing എന്നാണു് അതിനു് പറയുക. അതും സാമുദായികമായി ഒരു profession ആയിട്ടാണു് നടത്തുന്നതു്. എന്നാൽ അവക്കു് വലയിട്ടു മത്സ്യം പിടിക്കുവാൻ പലവിധത്തിലുള്ള അസൌകര്യങ്ങളും ഉണ്ടു്. അവർ പണ്ടുകാലങ്ങളിൽ ഉന്നിവാടുകളുള്ള പല സ്ഥലങ്ങളിൽനിന്നു മത്സ്യം പിടിച്ചിരുന്നതു് ഇപ്പോൾ നിരോധിച്ചിരിക്കുകയാണു്. അങ്ങിനെയുള്ള സ്ഥലങ്ങളിൽനിന്നു മത്സ്യം ധാരാളം പിടിച്ചിരുന്നതാണു്. അങ്ങിനെ മീൻപിടിക്കാവുന്ന സ്ഥലങ്ങൾക്കു തടസ്സം നേരിട്ടതുകൊണ്ടും, ചെറുപ്പക്കാരായ യുവാക്കന്മാർ മത്സ്യപിടിത്തം ആക്ഷേപകരമായി കരുതുന്നതുകൊണ്ടും പണ്ടത്തെപ്പോലെ ഇപ്പോൾ മത്സ്യം കിട്ടാതെ വരുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[Dr. (Mrs.) T. Francis]

എതുനിലയിലായാലും മത്സ്യം പിടിത്തത്തെ പ്രോത്സാഹിപ്പിക്കേണ്ടതു നമ്മുടെ ഇന്നത്തെ രാജ്യത്തിന്റെ സ്ഥിതിക്കു് അത്യന്താപേക്ഷിതമാണു്. മീൻപിടുത്തം പല തരത്തിലുമുണ്ടു്. മറെറാരുതരം ചൈനാ Nets ഇട്ടിട്ടുള്ള ഒരുതരം മീൻപിടിത്തമുണ്ടു്. അതുകൂടാതെ വല കെട്ടി ചവുട്ടിവലിച്ചു് മീൻപിടിക്കുന്ന ഒരു സമ്പ്രദായമുണ്ടു്. ഇങ്ങിനെയുള്ള മീൻപിടിത്തങ്ങളിൽ നല്ല ജാതി മത്സ്യങ്ങൾ കിട്ടാറുണ്ടു്. ചൂണ്ട ഇട്ടും മത്സ്യം പിടിക്കാറുണ്ടു്. ചൂണ്ട വള്ളങ്ങൾ മുഖാ അനേകായിരം പേർ മത്സ്യം പിടിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടു്. ഇവരെയൊക്കെ ഓരോവിധത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതാണു്. ചവിട്ടുവലക്കാർ പ്രത്യേകം തിരുതമത്സ്യങ്ങളും കണമ്പും പിടിക്കുന്നവരാണു്. പക്ഷെ അങ്ങിനെയുള്ള മത്സ്യങ്ങൾ കിട്ടുന്നതിനു ചില പ്രത്യേക സന്ദർഭങ്ങളുമുണ്ടു്. വല ചവിട്ടിയാണു് ആ വക മത്സ്യങ്ങൾ പിടിക്കാവുള്ളതു്.

Mr. P. K. Paul *(Kodassery)*: Will you please explain what 'Chavuttuvala' is?

ഡോക്ടർ (മിസിസ്സ്) ടി. ഫ്രാൻസിസ്സ്: You please wait. I shall explain it later on. ഇതിനെയെല്ലാം പരിഗണിച്ചാണു് ഗവൺമെണ്ടു് ഇപ്പോൾ ഒരു പ്രോത്സാഹനം എന്ന രീതിയിൽ fish-pond ഉണ്ടാക്കി മത്സ്യത്തെ വളർത്തിവരുന്നതു്. അതു് ഇപ്പോൾ ഞാറക്കൽ, Experimental ആയി നടത്തിവരുന്നുണ്ടു്. അതുകൂടാതെ ഒക്കെ നല്ല കാര്യമാണു്. ഇതുപോലെയുള്ള പ്രവർത്തനങ്ങൾ വളരെ വർദ്ധിപ്പിക്കേണ്ടതാണു്. Fish-pond-ൽ നിന്നു് ആവശ്യക്കാർക്കു് ഇഷ്ടാനുസരണം മത്സ്യം കിട്ടാറായിട്ടില്ല. മാർക്കറ്റുകളിൽ വില്പനക്കുമാത്രം ആയിട്ടില്ല. ഇപ്പോഴുള്ള Fish-pond-ൽ നിന്നു് ഒരു സദ്യക്കോ മറെറാ മാത്രമെ ചിലപ്പോൾ കിട്ടാറുള്ളൂ. അതു കുറെക്കൂടി വിപുലപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ഇപ്പോൾ മാലിപ്പുറത്തു് ഉപ്പു് ധാരാളം ഉണ്ടാകും എന്നു് വിചാരിച്ചു് Experimental ആയിട്ടു് നോക്കുന്ന ഒരു സ്ഥലം ഉണ്ടു്. അവിടെ ഉപ്പു് വിളയുവാനുള്ള മാർഗ്ഗം ഇല്ലെന്നാണു് പറയുന്നതു്. ആ സ്ഥലം ഇതിലേക്കു് എടുത്താൽ നന്നായിരിക്കും. അങ്ങിനെ ചെയ്യുന്നതായാൽ നമുക്കു് സൌകര്യമുള്ള ഒരു Fish-pond ഉണ്ടാകുന്നതാണു്. പൊയ്യയിലും fish-pond ആരംഭിച്ചാൽ നന്നു്.

പിന്നെ ചെമ്മീൻ വളരെ നല്ലൊരു സാധനവും ജനങ്ങൾക്കു് ഉപകാരപ്രദമായിട്ടുള്ളതുമാണു്. അതു വളരെ രുചികരമായിട്ടുള്ളതും ദേഹത്തിനു് വളരെ രക്ഷയുള്ളതുമാണു് രുചികരം എന്നു പറഞ്ഞതു അതുണ്ടാക്കേണ്ടതായ വിധത്തിൽ അതിനു യോജിച്ചവിധത്തിലുള്ള സാധനങ്ങൾ ചേർത്തു് ഉണ്ടാക്കണം. എന്നാൽ അതു് വളരെ രുചിയുള്ള ഒരു ഭക്ഷണപദാർത്ഥമാകുന്നതാണു്. (ചിരി) ഇതു് ഏറിയകൂറും കൃസ്ത്യൻ വീട്ടുകളിൽ ഉള്ളവരാണു് വാങ്ങി ഉപയോഗിക്കാറുള്ളതു്. ഇതു് ആഹാരത്തിനു് വളരെ ഉത്തമമായിട്ടുള്ളതാണു്. ഈ വക കായ്ത്തുകളിൽ ഏതുവിധത്തിലുള്ള മൻപിടിത്തമായാലും ശരി അതിനെ പ്രോത്സാഹിപ്പിക്കേണ്ടതു ഗവൺമെണ്ടിന്റെ ചുമതലയാണു്. പിന്നെ അന്യരാജ്യങ്ങളിലുള്ള കമ്പനിക്കാരെ കൊണ്ടുവന്നും മറും മത്സ്യം പിടിപ്പിക്കുന്ന കായ്ത്തിൽ, എനിക്കു വലിയ വിശ്വാസമില്ല. അവർ നമുക്കു് ഇപ്പോഴുള്ള L. C T. പോലെയുള്ള സാമഗ്രികൾ വേണം എന്നു പറയും. അപ്പോൾ അതെല്ലാം വാങ്ങിക്കുവാൻ നമ്മുടെ ഗവൺമെണ്ടിനു സാദ്ധ്യമല്ല. അങ്ങിനെ വലിയ കമ്പനിക്കാർക്കു കൊടുത്താൽ ഒടുവിൽ മീനും ഉണ്ടാകയില്ല, ഉറപ്പിക്കയും പോകും. അതുകൊണ്ടു ബഹുമാനപ്പെട്ട ഗവൺമെണ്ടു് പരസ്പരസഹായ സംഘങ്ങൾ മുഖേനയൊ മറു് ഏതെങ്കിലും തരത്തിലൊ ഇതിനെ വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഞാൻ ഈ കട്ടുമോഷൻ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ സി. വി. ജയൂ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഒരു മത്സ്യഭക്ഷു് അല്ലെങ്കിലും മത്സ്യവ്യവസായ വിഷയത്തിൽ അദ്ദേഹത്തിനുള്ള താല്പര്യം വളരെ അഭിനന്ദനാർഹമാണു്. ഇതിൽ വളരെ അധികം പ്രാധാന്യമുള്ളതു് deep Sea-fishing ആണു്. ഈ കാര്യത്തിൽ ഗവൺമെണ്ടിന്റെ പ്രത്യേകശ്രദ്ധ ആദ്യമായി പതിയേണ്ടതു് ഇപ്പോഴുള്ള നമ്മുടെ Fishery Superintendent നെ ജപ്പാനിലേക്കൊ, അമേരിക്കയിലേക്കൊ അയച്ചു് വിദഗ്ദ്ധമായ ഒരു പരിശീലനം അദ്ദേഹത്തിനുണ്ടാക്കുകയാണു്. ഇതിനു മുമ്പുള്ള ഗവൺമെണ്ടുകളിൽ ആരെങ്കിലും ഇതു് നേരത്തെ ചെയ്യേണ്ടതായിരുന്നു. അദ്ദേഹത്തിനു് ഇപ്പോൾ ഒരു മദ്ധ്യപ്രായം മാത്രമേ ആയിട്ടുള്ളൂ. പരിശീലനത്തിനു് അയക്കത്തക്ക ആരോഗ്യമുള്ള ഒരാളാണു് അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തെ ഇൻഡ്യയിലെ ചില മത്സ്യവ്യവസായ കേന്ദ്രങ്ങളിലേക്കൊ തിരുവിതാംകൂറിലേക്കൊ, മറ്റൊ പരിശീലനത്തിനു് അയക്കുവാൻ പോകുന്നുണ്ടെന്നു് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ നിന്നും ഏതാണ്ടു് മനസ്സിലാക്കുവാൻ കഴിഞ്ഞു. എന്നാൽ അദ്ദേഹത്തെ മത്സ്യവ്യവസായങ്ങളും ധാരാളമായി നടക്കുന്ന ഏതെങ്കിലും സ്ഥലങ്ങളിലേക്കയച്ചു മത്സ്യംപിടിത്തത്തിലുള്ള അവരുടെ പ്രവർത്തനവും മത്സ്യവ്യവസായത്തിലുള്ള അഭിവൃദ്ധിയും കണ്ടുമനസ്സിലാക്കി അതു് ഇവിടെയും നടപ്പിലാക്കുവാൻ ഉത്സാഹിക്കേണ്ടതാണു്. Aeroplane നും മറ്റും ധാരാളമായി സൌകര്യപ്പെടുന്ന ഇക്കാലത്തു് അദ്ദേഹത്തെ ജപ്പാനിലേക്കുതന്നെ അയച്ചു പരിശീലനം നേടുവാൻ സാധിക്കുന്നതാണു്. അങ്ങിനെ അദ്ദേഹം പരിശീലനം കഴിച്ചു വന്നാൽ അദ്ദേഹം ഉണ്ടാക്കുന്ന ഒരു Scheme അനുസരിച്ചു് മത്സ്യവ്യവസായവും മത്സ്യംപിടിത്തവും അഭിവൃദ്ധിപ്പെടുത്തുവാൻ ഗവൺമെണ്ടു് സന്നദ്ധമാകേണ്ടതാണു്. പോരെങ്കിൽ അദ്ദേഹം സമർപ്പിക്കപ്പെടുന്ന പദ്ധതിയിൽ പരിശീലനത്തിനു് സർവ്വകലാശാല Degree യുള്ള യുവാക്കന്മാരെ കിട്ടുന്നതിനു യാതൊരു പ്രയാസവും ഉണ്ടാകുന്നതല്ല. അവരെ ജപ്പാനിലേക്കൊ, അമേരിക്കയിലേക്കൊ, മറ്റെവിടെയെങ്കിലുമൊ അയച്ചു് ഇതിനാവശ്യമായ പരിശീലനം സമ്പാദിപ്പിക്കുവാൻ സാധിക്കുന്നതാണു്. ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ ഗവൺമെണ്ടു് കുറച്ചു പണം ചിലവാക്കുന്നതായാൽ അതു് ഈ രാജ്യത്തിന്റെ പുരോഗതിക്കു് ഏറ്റവും നന്നായിരിക്കും എന്നാണു് എന്റെ അഭിപ്രായം. ഇപ്പോഴത്തെ നമ്മുടെ Fishery Department ഒരു layman ന്റെ നിലയിൽ പറയുകയാണെങ്കിൽ വളരെ മന്ദഗതിയിൽ മാത്രമെ നടക്കുന്നുള്ളൂ. അതുകൊണ്ടു് ഇതിന്റെ പ്രവർത്തനം ഉജ്ജ്വിതപ്പെടുത്തണം എന്നു് ഉൽബോധിപ്പിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മിസ്റ്റർ എം. ഐ. പോൾ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു. നമ്മുടെ രാജ്യത്തിൽ Deep sea fishing നടത്തേണ്ടകാര്യത്തിലുള്ള ആലോചന വളരെക്കാലം മുമ്പുതന്നെയുണ്ടായിട്ടുണ്ടു്. ഇതു് ആദ്യത്തെമന്ത്രി മിസ്റ്റർ ശിവരാമമേനോന്റെകാലത്തുതന്നെ ആലോചനയിൽ ഇരുന്നിരുന്ന ഒരു Scheme ആയിരുന്നു. ആ Scheme നടപ്പിൽ വരുത്തുന്നതിനുമുമ്പുതന്നെ അദ്ദേഹം അന്തരിച്ചു. അതിനുശേഷം വേറെ ഒരു മന്ത്രിവന്നു. അദ്ദേഹവും ചില Schemes ഉണ്ടാക്കി പിന്നീടുവന്ന മന്ത്രിസഭകളും ഇതു് അങ്ങോട്ടും ഇങ്ങോട്ടും തകിടം മറിച്ചതിന്റെ ഫലമായിട്ടാണു് ഈ കാര്യം ഇത്രയും നീണ്ടു പോയതു്.

Mr. President: That is deep-sea fishing in troubled waters.

മിസ്റ്റർ എം. ഐ. പോൾ: ഈ Dep-sea fishingനെ സംബന്ധിച്ചു് പലവിധത്തിലുള്ള ആലോചനകളും വളരെ മുമ്പെതന്നെ നടന്നിട്ടുള്ളതാണു്. ഇതു പുതിയ ഒരു Scheme ആണെന്നു വിചാരിപ്പാൻ നിവർത്തിയില്ല. അതുകൊണ്ടു ഇതു കഴിയുന്നതും വേഗത്തിൽ നടപ്പിൽ വരുത്തണമെന്നു മാത്രമെ എനിക്കു പറയുവാനുള്ളൂ. ഈ കഴിഞ്ഞ ഒന്നു, രണ്ടു വർഷങ്ങളായിട്ടു് ഇതിനെ സംബന്ധിച്ചുള്ള ടെയിനിങ്ങിനുവേണ്ടി തൂത്തുക്കുടിയിലേക്കു് അഞ്ചൊ ആറൊ കുട്ടികളെ പറഞ്ഞയച്ചിരുന്നു. തൂത്തുക്കുടിയിൽപോയി പരിശീലനം കഴിച്ചുവന്ന ആ കുട്ടികളെകണ്ടു ഞാൻ അവർക്കു് കിട്ടിയപരിശീനത്തെപ്പറ്റി ചോദിച്ചതിൽ അവരിൽ ഒരാൾ പറയുകയാണു് "ഞങ്ങൾ കപ്പലിൽപോകും എന്നിട്ടു് വെള്ളത്തിൽ ചാടാൻ പറയുമ്പോൾ വെള്ളത്തിൽചാട്ടം പിന്നീടു് ചാടിയവരെ പിടിച്ചു കയറും, എന്നൊക്കെ പിന്നെ ഇതിനെ സംബന്ധിച്ചു് കുറച്ചു് Science പഠിച്ചിട്ടുള്ളതായും പറഞ്ഞു ഇങ്ങനെയുള്ള പരിശീലനംകൊണ്ടു നാം വിചാരിക്കുന്ന വിദഗ്ദ്ധന്റെ പരിശീലനം കിട്ടുന്നില്ല. അതുകൊണ്ടു് ജപ്പാനിലൊ മറ്റൊ അയച്ചു വിദഗ്ദ്ധപരിശീലനം നേടുവാൻ പ്രാപ്തരാക്കുകയാണു് വേണ്ടതു്. കൂടാതെ ഇപ്പോൾ മത്സ്യംപിടിക്കുവാൻ പോകുന്ന ആളുകൾക്കു വേറെ ചിലവിഷമങ്ങളും നേരിടുന്നുണ്ടു്. അവർക്കു് കടലിലേക്കു മത്സ്യംപിടിക്കുന്ന സ്ഥലംവരെ എത്തണമെങ്കിൽ രണ്ടു മൂന്നാഴികവരെതണ്ടു് വലിച്ചു് വേണം എത്തുവാൻ. ഇത്രയും ബുദ്ധിമുട്ടി അവർ അവിടെ എത്തിക്കഴിഞ്ഞാൽ ആ സ്ഥലത്തു മത്സ്യം ഇല്ലാതെ ചിലപ്പോൾ മടങ്ങിപോരേണ്ടതായിട്ടും വരും. ഇങ്ങിനെ സാധാരണ ഉണ്ടാകാറുണ്ടു്. ബഹുമാനപ്പെട്ട മന്ത്രിതന്നെപറഞ്ഞു, മത്സ്യംകിടക്കുന്ന സ്ഥലം കണ്ടുപിടിക്കുവാൻ കുറച്ചുവിഷമമുണ്ടു് എന്നു. അതുവിശ്വസിപ്പാൻതരമില്ല. ഇവിടെയുള്ളവർക്കു് അതിനെപറ്റി അറിവുണ്ടാകയില്ലെന്നുപറഞ്ഞുകൂടാ. മത്സ്യംകിടക്കുന്നസ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. I. Paul[

കണ്ടുപിടിക്കുവാൻ ജപ്പാനിലും മറ്റപലസ്ഥലങ്ങളിലുള്ള ചിലവിദഗ്ദന്മാരെപോലെ മറ്റാ ക്കും കഴിവുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. തൽക്കാലം നമുക്കു ഈ വിഷമഘട്ടം ഒന്നു തരണം ചെയ്യുവാൻ കടലിൽ നാലും അഞ്ചും നാഴികവരെ പോകുന്നതിനും, മത്സ്യംപിടിത്തക്കാ ക്കു ഭക്ഷണസാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനും വേണ്ടതായ സൌകര്യങ്ങൾ ഗവ ൺമെണ്ടു ചെയ്തുകൊടുക്കുന്നതായാൽ നമുക്കു ധാരാളം മത്സ്യംപിടിച്ചു കൊണ്ടുപോരാൻ സാധിക്കുന്നതാണു്. അതുകൊണ്ടു് ഇങ്ങിനെയുള്ള ചിലസൌകര്യങ്ങൾ ചെയ്തുകൊടുക്കുന്ന തിനു ഗവൺമെണ്ടിനു് ധാരാളം പണം ചിലവുവരികയില്ലെന്നാണു് തോന്നുന്നതു്. Deep sea fishing നു് വിദഗ്ദ്ധപരിശീലനം നേടിയിട്ടുള്ളവരുടെ അഭിപ്രായം അറിഞ്ഞിട്ടുവേ ണം പ്രവർത്തിക്കുവാൻ. അതുകൊണ്ടു് എത്രത്തോളം ആദായം ഉണ്ടാകുമെന്നു നോക്കണം. ഇപ്പോൾ തൽക്കാലം ഗവൺമെണ്ടു് ഒരു Experimental ആയിട്ടെങ്കിലും വിദഗ്ദ്ധന്മാരായി ട്ടുള്ളവരെ ആരെയെങ്കിലും വരുത്തി ഇതിനു യോജിച്ചവണ്ണം വേണ്ടതു പ്രവർത്തിക്കണമെന്നു ള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

Mr. P. K. Dewer *(Labour)*: Can I have a word, Sir?

Mr. President: Yes.

Mr. C. V. Iyyu *(Kunnamkulam)*: Sir, we would welcome to hear Mr. Dewer on the subject.

മിസ്റ്റർ പി. കെ. ഡീവർ: മിസ്റ്റർ പ്രസിഡണ്ടു്, സർ, മത്സ്യവ്യവസായ പരിപോഷ ണത്തെപ്പറ്റി ചില സംഗതികൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വിഷയത്തെ പ്പറ്റി നമ്മുടെയിടയിൽ പല തെറ്റിദ്ധാരണകളും ഉണ്ടെന്നാണു് എനിക്കു തോന്നുന്നതു്. സംശയകരമായിട്ടുള്ള പല പരീക്ഷണങ്ങളും ഇന്ത്യയിൽ ഈ വിഷയത്തെ അനുകരിച്ചു നടത്തിയിട്ടുണ്ടെങ്കിലും മത്സ്യവ്യവസായത്തിന്റെ പരിപോഷണത്തിൽ നാം അഭിലഷണീയ മായവിധം ഇനിയും പുരോഗമിച്ചില്ലെന്നതാണു പരമാർത്ഥം. ഇൻഡ്യയെ സംബന്ധിച്ചിട ത്തോളം ഇതേവരെയും ഉണ്ടായിട്ടുള്ള ശാസ്ത്രീയ പരീക്ഷണങ്ങളൊ പ്രവർത്തനങ്ങളൊ മൂലം ഒരു ഔറ മത്സ്യത്തെപോലും കൂടുതലായിട്ടു പിടിക്കുവാൻ സാധിച്ചിട്ടുണ്ടെന്നു തോന്നുന്നി ല്ല. നീണ്ട കടൽതീരത്താൽ അനുഗ്രഹീതമായ ഇന്ത്യക്കു Fishing field ന്റെ ഒരു Chart ഉണ്ടാക്കുവാൻപോലും നമ്മുടെ വിദഗ്ദ്ധന്മാർക്കു സാധിച്ചിട്ടില്ല എന്നാണു് അറി യുന്നതു്. മീൻപിടിത്തക്കാർക്കു ശാസ്ത്രീയ ഗവേഷണങ്ങൾ മൂലം സഹായകരമായ യാതൊ രു ഉപദേശവും ഇതുവരെ ലഭിച്ചുതായി ഞാൻ അറിയുന്നില്ല. അതുകൊണ്ടു് ഇവിടെ വി ദഗ്ദ്ധന്മാരെ കൊണ്ടുവന്നു മത്സ്യവ്യവസായ പരിപോഷണം സാധിക്കാമെന്നു പറയുന്നതിൽ എനിക്കു വലിയ വിശ്വാസമൊന്നും തോന്നുന്നില്ല. നമ്മുടെ പടിഞ്ഞാറൻ കടലിൽ ഒരു പന്ത്രണ്ടുകൊല്ലത്തിനുമുമ്പു സുലഭമായിരുന്ന മത്തി എവിടെ പോയി എന്നു കണ്ടുപിടിക്കുവാൻ മദ്രാശിയിൽ ഒരു വിദഗ്ദ്ധൻ അനേക വർഷമായി നടത്തിയ ഗവേഷണങ്ങൾ ഇനി യും ഫലപ്രദമായി തീർന്നിട്ടില്ല. ചാള (മത്തി) ഒരു Migrating Fish ആണെന്നുള്ളതിൽ കവിഞ്ഞൊന്നും അദ്ദേഹത്തിൽനിന്നു നമുക്കു് അറിവുണ്ടായിട്ടില്ല. അതു് എവിടെയാണു് പോകുന്നതെന്നൊ ഏതു കാലത്താണു് ഇവിടെ വരുന്നതെന്നൊ എന്തുകൊണ്ടാണു് ഇവിടെ കാണാത്തതെന്നൊ ഒന്നും ഇതുവരെ കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ല. അതുകൊണ്ടു ഞാൻ പറയുന്നതു് ഈ മാതിരിയുള്ള ഗവേഷണങ്ങളിലേക്കു നമ്മുടെടേതുപോലെയുള്ള ഒരു രാജ്യത്തിന്റെ ധനവും സമയവും കളയാതെ പ്രായോഗികമായ മാർഗ്ഗങ്ങളിൽകൂടി മത്സ്യ പിടിത്തത്തെ പരിപോഷിപ്പിക്കുവാൻ ശ്രമിക്കണമെന്നാണു്. നമ്മുടെ കൊച്ചിരാജ്യത്തെ അ പേക്ഷിച്ചു നോക്കുമ്പോൾ കോടിക്കണക്കിനു പണം ചിലവാക്കിയിട്ടുള്ള പ്രാദേശിക ഗ വൺമെണ്ടുകളുടെ Fishery Department കൾക്കുണ്ടായിട്ടുള്ള ഒരു കായ്മായ നേട്ടങ്ങൾ നമ്മ ടെ കൊച്ചിയിലെ ഫിഷറി ഡിപ്പാർട്ടുമെണ്ടിനുണ്ടായിട്ടുണ്ടെന്നതു ഗവർമ്മെണ്ടിനും ഫിഷ റി ഡിപ്പാർട്ടുമെണ്ടിനും അഭിമാനകരമായിട്ടുള്ള ഒരു സംഗതിയാണു്. ഇൻഡ്യാഗവൺമെ ണ്ടിന്റെ മത്സ്യവ്യവസായ വിദഗ്ദ്ധനായ ഡാക്ടർ ഛൊപ്ര ഈയിടെ കൊച്ചിയിൽ വരുക യും അദ്ദേഹം തൊഴുത്തുള്ള നമ്മുടെ മീൻ വളർത്തൽ കേന്ദ്രം സന്ദർശിക്കുകയുമുണ്ടായതായി ഞാൻ അറിഞ്ഞു. അവിടെ ന. o ഏക്കർ സ്ഥലത്തു മാത്രമാണു് യഥാർത്ഥത്തിൽ മീൻ വളർത്തു ന്നതു്. ഇന്ത്യയിൽ വേറെയെങ്ങും ഇതുപോലെയുള്ള Fish Farm ഇല്ലെന്നാണു ഡാക്ടർ ഛൊപ്രയുടെ അഭിപ്രായം. ന. o ഏക്കർ സ്ഥലത്തുള്ള ഈ മീൻവളർത്തൽ കേന്ദ്രത്തിൽനിന്നു പതിനായിരത്തിൽപരം രൂപയുടെ മത്സ്യം കഴിഞ്ഞയാണ്ടിൽ പിടിച്ചു വിറ്റുവെന്നാണു് അറിയുന്നതു്. ഇത്ര ആദായകരമായ ഈ മത്സ്യംവളർത്തൽകേന്ദ്രം കണ്ടു് ഇൻഡ്യാ ഗവ

LIBRARY ARCHIVES Kerala Legislative Assembly

മെന്റിന്റെ മത്സ്യവ്യവസായ വിദഗ്ദ്ധൻ ആശ്ചര്യപ്പെടുകയുണ്ടായി. ഈവിധത്തിൽ ഒരു മത്സ്യവ്യവസായകേന്ദ്രം നടത്തിക്കൊണ്ടുപോരുന്നതിൽ കൊച്ചിയിലെ Fishery Department നു് സാധിച്ചിട്ടുള്ളതു് അഭിമാനകരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടതായി എനിക്കു് അറിയുവാൻ കഴിഞ്ഞു. ഈവിധം പ്രായോഗികമായിട്ടുള്ള ഒരു പദ്ധതി മാത്രമാണു് ഇവിടത്തെ ഫിഷറി ഡിപ്പാർട്ട്മെൻറു് സ്വീകരിച്ചിട്ടുള്ളതു്. ഈമാതിരി അനേകായിരം ഏക്കർ സ്ഥലം മത്സ്യംവളർത്തുന്നതിനു സജ്ജമാക്കുവാൻ ഇവിടെയുണ്ടു്. എന്നാൽ മത്സ്യവ്യവസായപരിപോഷണത്തെ സംബന്ധിച്ചിടത്തോളം വേണ്ടത്ര ശ്രദ്ധ ഇതഃപര്യന്തകാലംവരെ നമ്മുടെ ഗവണ്മെണ്ടു പതിപ്പിച്ചിരുന്നു എന്നു പറയാൻ നിവൃത്തിയില്ല. നമ്മുടെ ഫിഷറി ഡിപ്പാർട്മെൻറു് റവന്യു ഡിപ്പാർട്മെണ്ടിന്റെ ഒരു ഭാഗമായിട്ടാണു് അടുത്തകാലംവരെ വർത്തിച്ചിരുന്നതു്. ജനങ്ങളിൽനിന്നു കരംപിരിക്കുന്നതിനു് മാത്രമായി വളരെക്കാലം ഇതു നിലകൊണ്ടു. മത്സ്യവ്യവസായത്തെ സംബന്ധിച്ചു വല്ലതും പ്രയോജനകരമായി ചെയ്യുവാൻ ഈ ഡിപ്പാർട്ടുമെണ്ടിനു സാധിച്ചതു് അടുത്തകാലത്തു് ഒരു പ്രത്യേക സ്വതന്ത്ര വകുപ്പായതിനു ശേഷമാണു്. കൊച്ചിയിൽ Back-water Fishing ന്റെ വളർച്ചയ്ക്കു കാര്യമായി നമുക്കു ചെയ്യാവുന്നതു ഞാറക്കലെപ്പോലെയുള്ള ഫിഷ് ഫാറങ്ങൾ ധാരാളമായി ഉണ്ടാക്കുകയാണു്. അനേകായിരം ഏക്കർ Fish Farm ങ്ങളായി രൂപാന്തരപ്പെടുത്തുവാൻ കൊച്ചി കണയന്നൂർ താലൂക്കിൽതന്നെ നമുക്കു ലഭിക്കുന്നതാണു്. അവയിൽനിന്നു ദിനംപ്രതി ധാരാളം പച്ച മത്സ്യങ്ങൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലേക്കും ice ഇട്ടയക്കുവാനും സാധിക്കും. ഞാറക്കലെ നമ്മുടെ Fish Farm ഇന്നു് അഖിലേന്ത്യാ പ്രശസ്തി സമ്പാദിച്ചിട്ടുണ്ടു്. ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും ടെയിനീസും വിദഗ്ദ്ധന്മാരും ഈ ഫാറം കണ്ടുപഠിക്കുവാൻ ഇവിടെ വന്നുകൊണ്ടിരിക്കുന്നു. ഇതുപോലെ fresh water fishes വളർത്താനുള്ള കേന്ദ്രങ്ങളും മറ്റു താലൂക്കുകളിലുള്ള ജലാശയങ്ങളിൽ തുടങ്ങാവുന്നതും തുടങ്ങേണ്ടതുമാകുന്നു. നമ്മുടെ പീച്ചി അണയും പൊരിങ്ങൽകുത്തു് അണയും തീർന്നു കഴിഞ്ഞാൽ വലിയ മീൻവളർത്തൽ കേന്ദ്രങ്ങളാക്കാം. നമ്മുടെ Back water കളിൽ കാണുന്ന ഉയർന്തരം അക്ലിമൈറൈസ് ചെയ്ത Fresh water കളിൽ വളർത്താൻ കഴിയുമോ എന്നും പരീക്ഷിച്ചുനോക്കേണ്ടതാകുന്നു. ഫിലിപ്പൈൻസിലെ ചാനോസ് കൽട്ടിവേഷനെ ആസ്പദമാക്കിയാണു് നമ്മുടെ Grey Mullet Farm ഇവിടെ നടത്തുന്നതു്. പൂമീൻ എന്നു പറയുന്ന ചാനോസ് സ്വാദുള്ള മത്സ്യമാണു്. അതും നമ്മുടെ നാട്ടിൽ ധാരാളമായി വളർത്താവുന്നതാണു്. നമ്മുടെ കായലിൽ ചില ഭാഗത്തു കാണുന്ന കൊഞ്ചു് എന്ന വളരെ സ്വാദുള്ള ആ ചെമ്മീൻ വളർത്താൻ കഴിയുമോ എന്നു പരീക്ഷിക്കേണ്ടതാണെന്നെനിക്കഭിപ്രായമുണ്ടു്. രണ്ടാവർഷം കഴിഞ്ഞാൽ അവയെ കാണാറില്ല. നമ്മുടെ Back water കളിൽ ഉറന്നിമൂലമുള്ള മത്സ്യബന്ധനമാണു് പ്രധാനമായുള്ളതു്. ഓരോ കാലത്തു് ഓരോ വലകൾ ഉപയോഗിച്ചു് ഓരോതരം മത്സ്യങ്ങളെ പിടിക്കുന്ന സമ്പ്രദായമാണു് ഈ കായലുകളിലുണ്ടായിരിക്കുന്നതു്. നിർഭാഗ്യവശാൽ മീൻപിടിത്തക്കാരുടെ സാമ്പത്തികമായ കഴിവുകേടുകൊണ്ടും ഈമാതിരി മീൻപിടിത്തം ഒരുമാതിരി gambling ആയിട്ടുള്ളതിനാലും ഇന്നു വളരെപ്പേർ ഇതിൽ ഏർപ്പെടുന്നില്ല. നരിമീൻവല, ഓടുവല, കണ്ടാളി, തിരുതവല, കൊമ്പൻവല തുടങ്ങിയ വലകളും വഞ്ചിയും ഉണ്ടാക്കുന്നതിനു മീൻപിടിത്തക്കാർക്കു് പണം വായ്പയായും സബ്സിഡിയായും കൊടുത്തു ഈമാതിരി മീൻപിടിത്തത്തെ പ്രോത്സാഹിപ്പിക്കേണ്ടതു് ഈ കാലത്തു പ്രത്യേകിച്ചും അത്യാവശ്യമാണു്. കടലിലെ മീൻ ജപ്പാനിലേയും മറ്റു പുരോഗമിച്ച രാജ്യങ്ങളിലേയും മാതിരി ഇവിടെ Deep sea fishing മെക്കനയ്സ് ചെയ്തു നടപ്പാക്കുക വളരെ എളുപ്പമാണെന്നു തോന്നുന്നില്ല. എതാനും കൊല്ലങ്ങൾക്കുമുമ്പു് മദ്രാസ്സു് ഗവണ്മെണ്ടിന്റെ Lady Ghoshen മീൻപിടിത്തക്കപ്പൽ പാശ്ചാത്യനായ ഒരു Master Fisherman ന്റെ മേൽനോട്ടത്തിൽ കൊച്ചിയിലെ കടലിൽ മെക്കനൈസ്ഡ് ട്രിപ്പ് സീ ഫിഷിംഗു നടത്തിയതു പരാജയത്തിൽ കലാശിക്കുകയാണു ചെയ്തതു്. മെക്കനൈസ്ഡ് ട്രിപ്പ് സീ ഫിഷിംഗു ഇന്ത്യാ ഗവണ്മെണ്ടിന്റെ പരീക്ഷണത്തിനു വിധേയമാക്കേണ്ട ഒന്നാണു്. നമ്മുടെ കടലിൽനിന്നു മീൻപിടിത്തം ഇന്നു പഴയ നിലയിലാണു്. നൂനാഴികയ്ക്കുള്ളിൽ പോയി മീൻപിടിക്കുന്ന ഏർപ്പാടു് ഇവിടെയില്ല. എന്റെ അഭിപ്രായത്തിൽ Deep sea fishing–നു് ഇവിടെ ചെയ്യേണ്ടതു നമ്മുടെ മീൻപിടിത്തക്കാരെ അവരുടെ വഞ്ചികളോടും ഉപകരണങ്ങളോടും കൂടി പത്തോ പതിനഞ്ചോ അധികം നാഴിക ദൂരെ കടലിൽ കൊണ്ടുപോയി തിരികെ കൊണ്ടുവരുവാൻ പറ്റിയ വേഗതയേറിയ മോട്ടോർ ട്രഗ്ഗുകളും ഗവണ്മെണ്ടു് ഉണ്ടാക്കുകയാണു്. ഇത്തരം രണ്ടോ മൂന്നോ ട്രഗ്ഗുകളും തല്ക്കാലത്തേക്കുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K, Dewer]

യാൽ നമ്മുടെ മീൻപിടിത്തക്കാരെ പുറംകടലിൽ Deep sea യിൽ കൊണ്ടുപോയി മീൻ പിടിപ്പിക്കാവുന്നതാണ്. പിടിക്കുന്ന മീൻ കേടുകൂടാതെ കരയ്ക്ക് അപ്പോഴപ്പോൾ എത്തിക്കാനും സാധിക്കും. വൻതരം വലകളും Hook and Ling-ും ഉണ്ടാക്കാനും വഞ്ചികളും ഉണ്ടാക്കാനും ഗവൺമെണ്ടു നിതൃദാരിദ്ര്യത്തിൽപെട്ടുഴലുന്ന മീൻപിടിത്തക്കാക്ക് വായ്പയായും സബ്സിഡി ആയും ധനസഹായം ചെയ്യുകയും വേണം. ഇന്നു നമ്മുടെ നാട്ടിലുള്ള മീൻപിടിത്തക്കാർ ദാരിദ്ര്യത്തിന്റെ അടിത്തട്ടിൽ എത്തിയിരിക്കുകയാണ്. ഇക്കൊല്ലം കടലിൽനിന്നു മീൻ അതിദുർല്ലഭമായിട്ടേ ലഭിച്ചിട്ടുള്ളൂ. വളരെ മാസങ്ങളായി തുടച്ചയായി മീൻ കിട്ടാതെ മീൻപിടിത്തക്കാർ വൃതിയിലായിട്ടു്. അവരെ സഹായിക്കേണ്ടതു വളരെ അടിയന്തിരമായ ഒരു കർത്തവ്യമാണ്. യഥാർത്ഥത്തിൽ എന്റെ സ്നേഹിതൻ മിസ്റ്റർ പോൾ പറഞ്ഞതുപോലെ Deep sea fishing നു് വേണ്ടി പതിനായിരം ഉറുപ്പിക ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതുകൊണ്ടു് എന്തു ചെയ്യുവാൻ കഴിയും എന്നാണു് എനിക്കു ചോദിക്കുവാനുള്ളതു്. ഞാൻ പറഞ്ഞതുപോലെയുള്ള മരു ടഗ്ഗു വാങ്ങാൻ ഇതിലധികം സംഖ്യ വേണ്ടിവന്നേക്കും. ഇതു് മീൻപിടിത്തക്കാരുടെ ആവശ്യത്തിനുള്ള വല വാങ്ങിക്കണമെങ്കിൽകൂടി മതിയാവുമെന്നു തോന്നുന്നില്ല.

Mr. President: Yes, the Hon'ble Member has taken enough time.

മിസ്റ്റർ പി. കെ. ഡീവർ: I will finish in one minute, Sir. ഈ പണംകൊണ്ടു് മീൻപിടിക്കുന്നതിനുള്ള വലകളും മേടിക്കുന്നതിനുപോലും മതിയാവുകയില്ല. മുമ്പു ഫിഷറി ഡിപ്പാർട്ടുമെണ്ടിന്റെ തലയിൽ കെട്ടിവെച്ചതുപോലെയുള്ള ഒരു കൊള്ളരുതാത്ത M. F. വെസൽ വാങ്ങിയതുകൊണ്ടു് പ്രയോജനം ഉണ്ടാകാൻ പോകുന്നില്ല. ഞാൻ മുമ്പു പറഞ്ഞതുപോലെയുള്ള ഒരു Motor Tug കൂടാതെയുള്ള Deep sea fishing പരീക്ഷണം ഫലപ്രദമാകാൻ പോകുന്നില്ലെന്നു ഞാൻ ഗവൺമെണ്ടിനു മുന്നറിയിപ്പു നല്കാൻ ആഗ്രഹിക്കുന്നു. അതോടൊപ്പം വലിയ വലകളും വഞ്ചികളും ഉണ്ടാക്കിക്കൊടുത്തു് മീൻപിടിത്തക്കാരിൽനിന്നു അതിന്റെ വില ഗഡുക്കളായി ഈടാക്കാനുള്ള ഏർപ്പാടു വേണം. നമ്മുടെ കാട്ടിൽ മീൻവള്ളങ്ങൾക്കുള്ള വൻതടികൾ ധാരാളമുണ്ടു്. അവ വെട്ടിച്ചു ഗവൺമെണ്ടു വഞ്ചികളാക്കി എത്തിച്ചുകൊടുക്കേണ്ടതാണു്. മത്സ്യംപിടിക്കുന്ന തൊളികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഇന്ത്യാഗവൺമെണ്ടു് സബ്സിഡി കൊടുത്തു്, മത്സ്യംപിടിത്തക്കാക്ക് അവരുടെ സാമ്പത്തികനില നന്നാക്കുന്നതിനും വിദ്യാഭ്യാസാഭിവൃദ്ധിക്കും പല പല പദ്ധതികളും ആസൂത്രണംചെയ്തതായി കാണുന്നു. അതു് ഇവിടത്തെ ഗവൺമെണ്ടിന്റെയും ശ്രദ്ധയിൽ വിഷയമാകേണ്ടതാണു്. മത്സ്യവ്യവസായപരിപോഷണവിഷയത്തിൽ പ്രധാനമന്ത്രിക്കു വളരെ താല്പര്യം ഉണ്ടെന്നു കാണുന്നതു സന്തോഷാവഹമാണു്. ഈ സംഗതിയെപ്പറ്റി പല നിർദ്ദേശങ്ങളും എനിക്കു നല്കുവാനുണ്ടെങ്കിലും സമയദൌർല്ലഭ്യത്താൽ അതു മറ്റൊരവസരത്തേക്കു നീട്ടുകയേ തരമുള്ളൂ. അതിപ്രധാനമായ ഈ ഉപക്ഷേപത്തെപ്പറ്റി സംസാരിക്കാൻ ഇത്രയും സമയം അനുവദിച്ചുതിനു ബഹുമാനപ്പെട്ട പ്രസിഡണ്ടു് അവർകളോടു ഞാൻ കൃതജ്ഞത പറഞ്ഞുകൊള്ളുന്നു.

*മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സർ, ഞാൻ ഒരു മത്സ്യഭക്ഷണക്കാരനല്ലെങ്കിലും മത്സ്യവ്യവസായത്തിന്റെ കാര്യത്തിൽ തീരെ ഉത്സാഹം കുറഞ്ഞ ഒരാളല്ല. ഈ കാര്യത്തിൽ ഗവൺമെണ്ടു് വളരെ ശ്രദ്ധ പതിപ്പിക്കുന്നതാണു്. Deep Sea fishing പ്രായോഗികമാക്കണമെങ്കിൽ ധാരാളം പണം ആവശ്യമുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: Tug ഉപയോഗിക്കുകയാണെങ്കിൽ വളരെ നന്നായിരിക്കും.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു വേണമെങ്കിൽ നോക്കാം. Shark fishing നടത്തുന്നതിനു ഉദ്ദേശിച്ചു്, അതിന്റെ ഉപകരണങ്ങളും വാങ്ങിക്കുവാൻ വേണ്ടിയാണു് ഈ പതിനാലായിരം രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതു്. അതു് ഏതു വിധത്തിലൊക്കെയാണു ചെയ്യേണ്ടതെന്നു് Fishery സൂപ്രണ്ടിന്റെ നിർദ്ദേശംപോലെ പ്രവർത്തിക്കുന്നതാണു്. Fish cattle grazing ground എന്നു ബഡ്ജറ്റിൽ കാണിച്ചിട്ടുള്ളതു കാണുമ്പോൾ ചിലർക്ക് ഇതു് എന്താണെന്നു തോന്നിപ്പോകും. എന്നാൽ അതു യഥാർത്ഥത്തിൽ Fish pond തന്നെയാണു്. ൫൨ ൦ ഏക്കർ സ്ഥലം Fish Pond develop ചെയ്യുവാൻ വേണ്ടിയാണു് ഗവൺമെണ്ടിൽനിന്നു് അനുവദിച്ചിട്ടുള്ളതു്. ഈ ൫൨ ൦ ഏക്കർ സ്ഥലം ശരി

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

യായി പ്രവർത്തിക്കുകയാണെങ്കിൽ ദിവസത്തിൽ വ ൦ ൦ റാത്തൽ മത്സ്യം കിട്ടുമെന്നാണ പ്രതീക്ഷിക്കുന്നത്. അതു നേരെയാക്കുവാൻ വേണ്ടിയാണ് ഈ സംഖ്യ നിക്കിവെച്ചിട്ടുള്ളതും. ഈ കാര്യത്തിൽ ഗവണ്മെണ്ടിനു യാതൊരു ഉദാസീന നയവും ഇല്ല.

Mr. P. K. Dewer *(Labour)*: I did'nt say about the present Government. I said that was the policy adopted by the previous Government.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നമ്മുടെ നാട്ടിൽ ക്ഷണക്ഷാമം നിലനിന്നുവരുന്ന ഈ കാലത്തു തീച്ചയായിട്ടും ഇതു പ്രോത്സാഹിപ്പിക്കുവാൻ സാധിക്കുന്ന മാർഗ്ഗങ്ങളെല്ലാം ഗവണ്മെണ്ടു സ്വീകരിപ്പാൻ ശ്രമിക്കുമാണ്. Government of India യുടെ മത്സ്യവ്യവസായത്തിൽ വിദഗ്ധനായ ഒരാൾ ഇവിടെ വന്നു പോകുകയുണ്ടായി. നിർഭാഗ്യവശാൽ അദ്ദേഹത്തെ എനിക്കു കാണുവാൻ സാധിച്ചില്ല. അദ്ദേഹം വളരെ നല്ലഭിപ്രായം പറഞ്ഞതായി കേട്ടു. ഇന്ത്യാഗവണ്മെണ്ടിൽനിന്നും ഈ ആവശ്യത്തിലേക്ക് എന്തെങ്കിലും പണസഹായം ലഭിക്കുമോ എന്നും നോക്കാം. ഇങ്ങനെ എന്തെല്ലാംവിധത്തിൽ ഇതു വിപുലപ്പെടുത്തുവാനും പരിഷ്കരിക്കുവാനും സാധിക്കുമോ, അപ്രകാരം ചെയ്യുവാൻ ഗവണ്മെണ്ട് ശ്രമിക്കുമാണെന്നു പറഞ്ഞുകൊണ്ട് തൽക്കാലം ഉപസംഹരിച്ചുകൊള്ളുന്നു.

Dr. Mrs. T. Francis *(Womens Ernakulam)*: I beg to withdrown the cut motion with leave of the House.

Motion, by leave, withdrawn

Demand put and carried

Mr. President: The House now stands adjourned till 3 p. m. tomorrow.

The House rose for the day at 8-10 p. m.

N. I. OUSEPH

Secretary

LIBRARY ARCHIVES Kerala Legislative Assembly